ട്ടുണ്ട്. പരിശോധന നടത്തുമ്പോൾ പിഴ ഈടാക്കിയതിന്റെ റിക്കാർഡുകൾ അതാത് അസസിംഗ് ഓഫീസർമാർക്ക് അയച്ചുകൊടുക്കുകയും വാർഷിക കണക്ക് പരിശോധിക്കുമ്പോൾ കണക്കിൽപ്പെടുത്തിയിട്ടില്ലാത്ത തുകയ്ക്ക് അനുസരിച്ച് അധിക നികുതിനിർണ്ണയം നടത്തുകയും ചെയ്യുന്നു. ബില്ലി ല്ലാത്ത സാധനങ്ങൾ റെയിൽവേ വഴി ബുക്ക് ചെയ്യുന്നതും നിരുത്സാഹപ്പെ ടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റെയിൽവേ അധികാരികൾക്ക് കത്തയ യ്ക്കുകയും അതനുസരിച്ച് പാലക്കാട് റെയിൽവേ ഡിവിഷണൽ മാനേ ജരും തിരുവനന്തപുരം ഡിവിഷണൽ മാനേജരും അവരവരുടെ കീഴിലുള്ള റെയിൽവേ ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരിശോധനകൾ കൂടുതൽ ഫലപ്രദ മായി നടന്നുവരുന്നുണ്ട്.

നെൽകൃഷിക്കാർക്ക് പ്രൊഡക്ഷൻ ബോണസ്

6 (*216)ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്കാർക്ക് പ്രൊഡക്ഷൻ ബോണസ്സായി 1999-2000 സാമ്പത്തികവർഷം എന്തുതുക വിതരണം ചെയ്തുവെന്ന് വെളിപ്പെടു ത്തുമോ;

(ബി) 2000 മാർച്ച് 31 വരെ ഈ ഇനത്തിൽ എന്തുതുക കൃഷി ക്കാർക്ക് നൽകാൻ കുടിശ്ശികയുണ്ട്;

(സി) ഈ സാമ്പത്തിക വർഷം പ്രൊഡക്ഷൻ ബോണസ്സായി എത്ര രൂപയാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്നും ഇതിലേക്കായി നടപ്പു വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വെളിപ്പെടു ത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 10.62 കോടി രൂപ

(ബി&സി) വിവരം ശേഖരിച്ചുവരുന്നു. ഈ വർഷം ബഡ്ജറ്റിലുള്ള 10 കോടി രൂപ ഉടനടി വിതരണം ചെയ്യുന്നതാണ്.

ഹോർട്ടികൾച്ചറൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി സൂപ്പർ മാർക്കറ്റുകൾ

7 (*217)ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീ. എ. കണാരൻ :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോർട്ടികൾച്ചറൽ കോർപ്പറേഷന്റെ അഭിമു ഖ്യത്തിൽ കൂടുതൽ പച്ചക്കറി സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശ മുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരി ച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അടുത്ത ഓണക്കാലത്തെ പച്ചക്കറി ഇനങ്ങളുടെ ആവശ്യം മുൻനിർത്തി അവ കേടുവരാതെ സൂക്ഷിക്കുന്നതിനായി ശീതീകരിച്ച സംഭരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ മേഖലകളിലാണ് ശീതീകരിച്ച സംഭരണശാലകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത സംഭരണശാലകളുടെ സംഭരണശേഷി എത്രവീതമെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്

(ബി) ഉണ്ട്. കേരളാ സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, ഇപ്പോൾ നടത്തിവരുന്ന സ്റ്റാളുകൾക്കു പുറമേ തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നേരിട്ട് പച്ചക്കറി സൂപ്പർമാർക്കറ്റുകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ സൂപ്പർ മാർക്കറ്റ് ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, തൃശ്ശൂർ ജില്ലകളിലെ സൂപ്പർ മാർക്കറ്റുകൾ ജൂലൈ ആദ്യവാരത്തോടെയും കണ്ണൂർ ജില്ലയിലെ സൂപ്പർ മാർക്കറ്റ് ജൂലായ് അവസാനത്തോടെയും പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഇടുക്കി ജില്ലയിലെ മൂന്നാറിലും പാലക്കാട് ജില്ലയിലെ എരുത്തിയാമ്പതിയിലും രണ്ട് ശീതീകരണ സംഭരണശാലകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ഇ) മൂന്നാറിലെ സംഭരണശാലയ്ക്ക് 200 മെട്രിക് ടണ്ണും എരുത്തിയാംപതിയിലെ സംഭരണശാലയ്ക്ക് 250 മെട്രിക് ടണ്ണും സംഭരണശേഷിയുണ്ട്.

ആനവേട്ടയും ദന്തശിൽപ്പവ്യവസായവും

8 (*218) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആനക്കൊമ്പുകൊണ്ടുള്ള ഉപകരണങ്ങളുടേയും ശില്പങ്ങളുടെയും ഉപയോഗം നിയമംമൂലം നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു നിയമപ്രകാരമാണ് നിരോധിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ദക്ഷിണേന്ത്യയിലെ ആനക്കൊമ്പ് വ്യാപാരത്തിന്റെ 70 ശതമാനവും തിരുവനന്തപുരം കേന്ദ്രമാക്കിയാണ് നടന്നുവരുന്നതെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആസൂത്രിതമായി നടന്നുവരുന്ന ഈ ആനക്കൊമ്പ് വ്യാപാരം ഫലപ്രദമായി തടയുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷണനടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly